ജനന-മരണ ചീഫ് രജിസ്ട്രാറുടെ നടപടിക്രമങ്ങൾ
(ഹാജർ: രാമൻകുട്ടി.എം)

വിഷയം:- വിവാഹ ബന്ധം വേർപെടുത്തിയ കേസുകളിലും മാതാവ്/ പിതാവ് ഉപേക്ഷിച്ചു പോയ കേസുകളിലും ദാമ്പത്യ പ്രശ്നം കാരണം ഭാര്യ - ഭർത്താക്കന്മാർ വേർപിരിഞ്ഞ് താമസിക്കുന്ന കേസുകളിലും ജനന രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർക്കുന്നത് സംബന്ധിച്ച്.

പരാമർശം:-
1. കേരള സംസ്ഥാന ബഹു. ബാലാവകാശ കമ്മിഷൻെറ 16.12.2020 ലെ CRMP No. 416/12/C2/2020/ KeSCPCR നമ്പരായിട്ടുള്ള ഉത്തരവ്.
2. ചീഫ് രജിസ്ട്രാറുടെ 10.05.2017-ലെ ബി 1.15343/2017 നമ്പരായി പുറപ്പെടുവിച്ച സർക്കുലർ.
3. 18/12/2014 തീയതിയിലെ 55767/ആർഡി3/14/തസ്വഭവ നമ്പർ സർക്കുലർ.

**ഉത്തരവ് നമ്പർ PAN/547/2021-B1(DP)തിയതി 22/01/2021**

ജനന രജിസ്ട്രറിൽ കുട്ടിയുടെ പേര് ചേർക്കുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷ വേണമെന്നും , സംയുക്താപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ അതു വിലയിരുത്തി മാതാപിതാക്കളിൽ ഒരാളിൻെറയോ പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ കുട്ടിയുടെ തന്നെയോ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് ചേർക്കാവുന്നതാണെന്നും, മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത സംഗതിയിൽ നിയമാനുസൃത രക്ഷാകർത്താവിൻെറ അപേക്ഷ പ്രകാരം പേര് ചേർക്കാവുന്നതാണെന്നും, മാതാപിതാക്കൾ വിവാഹ ബന്ധം വേർപെടുത്തിയ കേസുകളിലും മാതാവ്/ പിതാവ് ഉപേക്ഷിച്ചു പോയിട്ടുള്ള കേസുകളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിൻെറ/ പിതാവിൻെറ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് ചേർത്ത് നല്കാവുന്നതാണന്നും, പ്രതിപാദിച്ച് പരാമർശം 2 പ്രകാരം വിശദമായ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ദാമ്പത്യ പ്രശ്നം കാരണം ഭാര്യ-ഭർത്താക്കന്മാർ വേർപിരിഞ്ഞ് താമസിക്കുന്ന കേസുകളിലും , കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ /പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് ചേർക്കുന്നതിന് ബഹു. കേരള സംസ്ഥാന ബാലാവകാശ കമ്മിഷൻ മുൻപാകെ കേസ്സുകൾ വരുകയും ബഹു. കമ്മീഷൻ ആയത് വിലയിരുത്തി പരാമർശം.1 പ്രകാരം ദാമ്പത്യ പ്രശ്നം കാരണം ഭാര്യ-ഭർത്താക്കന്മാർ വേർപിരിഞ്ഞ്

താമസിക്കുന്ന കേസുകളിലും , കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ /പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് ചേർക്കുന്നതിന് രജിസ്ട്രാർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 1 പ്രകാരം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ദാമ്പത്യ പ്രശ്നം കാരണം ഭാര്യ–ഭർത്താക്കന്മാർ വേർപിരിഞ്ഞ് താമസിക്കുന്ന കേസുകളിലും കൂടി കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ /പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് ചേർക്കുന്നതിന് രജിസ്ട്രാർമാർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവ് എല്ലാ രജിസ്റ്റാർമാരും നിർബന്ധമായും പാലിയ്ക്കുന്നതിനും ബഹു. ബാലാവകാശ കമ്മീഷന്റെ മേൽ പരാമർശത്തിലെ ഉത്തരവനുസരിച്ച് പ്രവർത്തിക്കുവാനും എല്ലാ രജിസ്റ്റാർമാരോടും കർശനമായി നിർദ്ദേശിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

RAMANKUTTY.M
CHIEF REGISTRAR

പകർപ്പ് :

- ബഹു. കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
- ബഹു. സെക്രട്ടറി, തദ്ദേശസ്വയഭരണവകുപ്പ്( ആമുഖ കത്ത് സഹിതം)
- എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും(ടി വിഷയം സെക്രട്ടറിമാരുടെ മീറ്റിംഗിൽ അജണ്ടയായി കൂടി ഉൾപ്പെടുത്തേണ്ടതാണ്.
- എല്ലാ തദ്ദേശ ജനന മരണ രജിസ്ട്രാർമാർക്കും( ഗ്രാമ പഞ്ചായത്ത് / കോർപ്പറേഷൻ/ നഗരസഭാ സെക്രട്ടറിമാർ മുഖാന്തിരം)
- ആഫീസ് സൂപ്രണ്ട്, കണ്ണൂർ കന്റോൺമെന്റ്
- എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
- പബ്ലിസിറ്റി ആഫീസർ (പഞ്ചായത്ത് ഡയറക്ടറേറ്റ്)
- കരുതൽ/അധികം.